● ഖുർആൻ

● ഡോ. മാജിദ് അർസാൻ കീലാനി

# വിശ്വാസാധിഷ്ഠിത സ്വത്വത്തിന്റെയും വർഗത്തിന്റെയും സംസ്കാരത്തിന്റെയും പ്രാധാന്യം ആധുനികലോകത്ത്

﴿يَأَيُّهَا النَّاسُ إِنَّا خَلَقْنَاكُمْ مِّنْ ذَكَرٍ وَ أُنْثَى وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا إِنَّ أَكْرَمَكُمْ عِنْدَ اللّه أَتْقَاكُمْ إِنَّ اللَّهَ عَلِيمٌ خَبِيرٌ﴾

**'അല്ലയോ മനുഷ്യരേ, ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമത്രെ നാം നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ നിങ്ങളെ സമുദായങ്ങളും ഗോത്രങ്ങളുമാക്കി. നിങ്ങൾ പരസ്പരം പരിചയപ്പെടേണ്ടതിന്ന്. നിങ്ങളിൽ ഏറ്റവും ദൈവഭക്തിയുള്ളവരാകുന്നു ആദരണീയർ'.**

*(ഹുജുറാത്ത്-13)*

മനുഷ്യരുടെ സ്വത്വം സംബന്ധിച്ച് സോഷ്യൽ ഡാർവിനിസം ,വംശീയവിഭജനങ്ങൾ, ജാതികേന്ദ്രീകൃത മതവിഭാഗീയതകൾ മുതലായ സിദ്ധാന്തങ്ങളും വീക്ഷണങ്ങളും ശക്തന്മാർക്കാണ് അതിജീവനയോഗ്യത എന്ന രാഷ്ട്രീയത്തിനും യുദ്ധത്തിനും സാമ്രാജ്യത്വത്തിനും ഹേതുവായി. തദ്ഫലമായി അടിമത്തം, അസമത്വം, സ്വാർഥം മുതലായ ദൂഷ്യങ്ങൾ സമൂഹത്തിൽ ഉടലെടുത്തു. മനുഷ്യരുടെ ജീവിത സമീപനങ്ങളിലും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള ബന്ധങ്ങളിലും അവ മേൽക്കൈനേടി. അവരുടെ ജീവിതം അസ്വസ്ഥഭരിതമായി.

പണ്ടുകാലത്തെ ഗതാഗതരംഗത്തെ ക്ലേശങ്ങളും, യാത്രാ ദൂരക്കമ്മിയും ചലനവൃത്തത്തിന്റെ കുടുസ്സും, സാമുദായികവും ദേശീയവുമായ അതിരുകൾക്ക് കാരണമായി. പൊതുവെ അതാത് രാജ്യങ്ങളുടെ അതിരുകൾക്കകത്ത് മാത്രമായിരുന്നു അന്നത്തെ മനുഷ്യരുടെ സാധാരണജീവിതം. നിലവിലുണ്ടായിരുന്ന സമൂഹത്തിൽ രക്തം, ഗോത്രം, ദേശം, സമുദായം എന്നിവയെ ആശ്രയിച്ചുള്ള ബന്ധങ്ങൾക്ക് അവസരമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ, അവരുടെ വർഗവും സംസ്കാരവും നിർണയിക്കാൻ മേൽ അടിസ്ഥാനങ്ങൾ തന്നെ മതിയായിരുന്നു. മേൽവൃത്തത്തിലെ സ്ഥിരതാമസവും നിരന്തര ബന്ധവും പ്രാദേശികമായ മൂല്യങ്ങൾ രൂപപ്പെടുത്തി. തദടിസ്ഥാനത്തിൽ മനുഷ്യരെ പരസ്പരം പരിരക്ഷിക്കുന്ന സാമൂഹിക സംവിധാനം നിലവിൽവന്നു. അഭിപ്രായ വ്യത്യാസങ്ങളോ തർക്കവിതർക്കങ്ങളോ ഉണ്ടായാൽ മേൽ മൂല്യങ്ങളെ ആധാരമാക്കി ബന്ധങ്ങൾ നന്നാക്കിയെടുത്തു. ഇവ്വിധം വ്യത്യസ്ത അഭിരുചികളെ പ്രാദേശികമായി വിളക്കിച്ചേർക്കുന്ന പ്രത്യേക തരം സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും ഉടലെടുത്തു. അതേ സമയം സാർവദേശീയാടിസ്ഥാനത്തിൽ ഭിന്നിപ്പിന്റെ വിത്തുകൾ വിതക്കപ്പെട്ടു തുടങ്ങി.

ശേഷം ടെക്നോളജിയും, ലോകം ഒരു ആഗോളഗ്രാമം എന്ന സങ്കൽപവും യാഥാർഥ്യമായി. ഇത് രണ്ട് സാധ്യതകൾ സൃഷ്ടിച്ചു. ഒന്ന്, മനുഷ്യർക്ക് സ്വയം പ്രതിരോധത്തിനും ജീവിതം കെട്ടിപ്പടുക്കാനും, നേർവിപരീതമായി മനുഷ്യജീവിതാധാരങ്ങളെ തകർക്കാനും ഒരുപോലെ അവസരമൊരുക്കി. രണ്ട്, രാജ്യങ്ങളും ദേശീയതകളും സംസ്കാരങ്ങളും തമ്മിലെ അതിരുകൾ തകർന്നു. ഗോത്രങ്ങളും കുടുംബങ്ങളും ശിഥിലമായി. രക്തബന്ധങ്ങൾ ദുർബലമായി. മാനവസമൂഹം, നിശ്ചിത സമയത്തേക്കുള്ള താമസം, സമയബന്ധിതമായ അയൽപക്കബന്ധം എന്ന പുതിയൊരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. നേരത്തെയുണ്ടായിരുന്ന സാംസ്കാരികപൊരുത്തത്തിനു പകരം ഒരേ നഗരത്തിൽതന്നെ വ്യത്യസ്ത സംസ്കാരങ്ങളും വിശ്വാസാനുഷ്ഠാനങ്ങളും മൂല്യങ്ങളും എന്ന സവിശേഷ സാഹചര്യം ഉടലെടുത്തു. ചിലപ്പോൾ ഒരു കെട്ടിടത്തിൽത്തന്നെ ഈ ബഹുസ്വരത യാഥാർഥ്യമായി. ഇവ നിലവിലെ ബന്ധങ്ങളെ ശിഥിലമാക്കി. അഭിരുചികളെ അന്യമാക്കി. വിവിധമേഖലകളിലെ മനുഷ്യബന്ധങ്ങളെ അകറ്റിക്കളഞ്ഞു. ഇപ്പോൾ ആധുനിക മനുഷ്യന്റെ അവസ്ഥ സമസ്ത ബന്ധങ്ങളിൽ നിന്നും അറുത്തുമാറ്റപ്പെട്ട മനുഷ്യക്കൂട്ടങ്ങൾ എന്നതാണ്. ചാഞ്ചാടുന്ന താൽപര്യങ്ങളും താൽക്കാലിക അഭിനിവേശങ്ങളും മാത്രമാണ് അവരെ കൂട്ടിയിണക്കുന്നത്.

ഈ മാറ്റങ്ങൾ മൂന്ന് പ്രതിസന്ധികൾക്ക് ഹേതുവായിട്ടുണ്ട്.ഒന്ന്, മനുഷ്യന്റെ സാമാന്യമായ സ്വത്വത്തിന്റെ ചേർച്ചരാഹിത്യം. രണ്ട്, സാമ്പ്രദായികവും പ്രാദേശികവുമായ വർഗത്തിന്റെ പൊരുത്തമില്ലായ്മ. മൂന്ന്, പുരാതനവും പ്രാദേശികവുമായ സാംസ്കാരികവും മൂല്യപരവുമായ ഘടനകളുടെ തകർച്ച. ആദ്യമായി, സോഷ്യൽ ഡാർവിനിസം നിർദ്ദേശിക്കുന്നതും ബലവാന്മാർക്കാണ്

അതിജീവനയോഗ്യത എന്ന് സ്ഥാപിക്കുന്നതുമായ സ്വത്വ ദർശനം എല്ലാ സമൂഹങ്ങളിലെയും വ്യക്തികൾക്കും വിഭാഗങ്ങൾക്കും വിവിധ സമൂഹങ്ങൾക്കുമിടയിൽ കൊല പാതകങ്ങൾ പൊലെയുള്ള തിന്മകൾക്ക് കാരണമായിരിക്കുന്നു. ഇത് സാങ്കേതികമായി പിന്നാക്കം നിൽക്കുന്ന മൂന്നാം ലോകത്തെ ജനങ്ങളെ മാത്രമല്ല, വധ-നശീകരണായുധങ്ങൾ നിർമിക്കുന്നതിലും ഉപയോഗിക്കുന്നതിലും മികച്ചു നിൽക്കുന്ന സാങ്കേതിക രംഗത്ത് മുൻതൂക്കമുള്ള വികസിതരാജ്യങ്ങളെയും അപായപ്പെടുത്തുന്നു.സമ്പത്തുൾപ്പെടെയുള്ള സ്രോതസ്സുകൾ കയ്യടക്കാനായി ഏഷ്യക്കാരോടും ആഫ്രിക്കക്കാരോടും യുദ്ധചെയ്യുന്ന അമേരിക്കക്കാരും യൂറോപ്യരും തന്നെയാണ് സ്വദേശങ്ങളിലേക്ക് തിരിച്ച് ചെന്ന് സ്വന്തം നാട്ടുകാരുടെ കീശയിൽ നിന്ന് പവനുകളും ഡോളറുകളും കയ്യടക്കാനായി അവരെ കൊല്ലുന്നത്.

പ്രാദേശിക പൗരത്വമാണ് രണ്ടാമത്തെ പ്രതിസന്ധി. ഇത് വ്യക്തിയുടെ തെരഞ്ഞെടുക്കാനും പ്രകാശനത്തിനുമുള്ള സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുന്നു. പുറം നാടുകളിൽ യാത്രചെയ്യുന്നതിനും ജോലി ചെയ്യുന്നതിനും പുറത്ത് താമസിക്കുന്നതിനും തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

ആഭ്യന്തരരംഗത്ത്,കുടുംബപരവും ദേശീയവും മറ്റുമായ പക്ഷപാതിത്വങ്ങളിൽ നിന്ന് ഊർജ്ജം സ്വീകരിക്കുന്ന വർഗാധിഷ്ഠിത ബന്ധങ്ങൾ എല്ലാ തരം പക്ഷപാതിത്തങ്ങളെയും സഹായിക്കുന്ന പക്ഷപാതിത്ത മാത്ര അടിത്തറയിൽ സ്ഥാപിതമാണ്. ഇതിന്റെഫലമായി ബന്ധങ്ങൾ സംശയഗ്രസ്തമാകുന്നു. ആത്മവിശ്വാസം നഷ്ടപ്പെടുന്നു. ഭയം നില നിൽക്കുന്നു. ഗൂഢാലോചനകൾ നടക്കുന്നു. ചാരപ്രവർത്തനത്തിനായി സംവിധാനങ്ങളുണ്ടാവുന്നു. വൈദേശികമായാവട്ടെ, അന്താരാഷ്ട്ര സംഘർഷങ്ങൾ ചൂട് പിടിക്കുന്നു. അന്താരാഷ്ട്ര ബന്ധങ്ങൾ വഞ്ചനാപരവും ഗൂഢാലോചനാധിഷ്ഠിതവും വിധ്വംസകവും സ്ഫോടനാത്മകവുമായ സൈനിക നടപടികൾക്ക് വഴിവെക്കുന്നു.

സാമ്പത്തിക മേഖലയിലാവട്ടെ, വിവിധ പക്ഷപാതിത്തങ്ങളെ ഉപജീവിച്ചുള്ള വർഗസ്വത്വങ്ങൾ ഒരുഭാഗത്ത് കരിഞ്ചന്തയും ധൂർത്തും സൃഷ്ടിക്കുമ്പോൾ മറുഭാഗത്ത് ദാരിദ്ര്യത്തിനും പട്ടിണിക്കും കാരണമാവുന്നു. സാമ്രാജ്യത്വചൂഷണവും ശത്രുതയും സമ്പത്തുക്കൾ കൊള്ളയടിക്കലുമെല്ലാം ഇതിന്റെ തന്നെ മറ്റൊരു വശമാണ്. അധിനിവിഷ്ഠരാജ്യങ്ങളിലെ പൗരന്മാരുടെ സ്വതന്ത്രമായ സഞ്ചാരത്തിന് ഏർപ്പെടുത്തപ്പെടുന്ന വിലക്കാണ് മറ്റൊരുവശം.

ഇക്കാരണങ്ങളാൽ ആധുനിക സമൂഹങ്ങൾക്ക് വർഗപരമായ സ്വത്വം എന്നതിന്, വംശപരമോ, പ്രാദേശികമോ,ഭൗതിക താൽപര്യങ്ങളിൽ അധിഷ്ഠിതമോ അല്ലാത്ത പുതിയൊരു ഉള്ളടക്കം ആവശ്യമായിരിക്കുന്നു. അമേരിക്കയിലേയും യൂറോപ്പിലെയും സമൂഹങ്ങൾ യാത്രാനിയന്ത്രണങ്ങളും തൊഴിൽ വിലക്കുകളും താമസവ്യവസ്ഥകളും ഉള്ള വർഗപരതയിൽ നിന്ന് ഖുർആൻ പരിചയപ്പെടുത്തിയ പരസ്പരം പരിചയപ്പെടുക എന്ന വിശാലതലത്തിലേക്ക് എത്തിയിരിക്കുന്നു. അതേ സമയം, 'രാജാക്കന്മാരുടെയും നേതാക്കളുടെയും കർമശാസ്ത്ര പണ്ഡിതന്മാർ' ഇസ്‌ലാമിക സമൂഹത്തിന്റെ ചരമത്തിന് വഴിയൊരുക്കുന്ന പലതരം പക്ഷപാതിത്വങ്ങളുടെ വർഗപരതയുടെ തടവറകൾ നിർമിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും പറഞ്ഞത് സ്വത്വത്തെക്കുറിച്ച്.

ഇനി രണ്ടാമത്തെ പ്രതിസന്ധി- മൂല്യങ്ങളുടെയും സംസ്കാരത്തിന്റെയും മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് ചിന്തിക്കുമ്പോൾ,സമൂഹിക ശാസ്ത്രജ്ഞരും മനഃശാസ്ത്രവിദഗ്ധരും പറയുന്നത് മനുഷ്യർ Frustration (ഇച്ഛാഭംഗം) Alienation(അനാഥത്വം) Powerlessness(ശക്തിഹീനത) Normlessness(അസാധാരണത്വം) എന്നിവ അനുഭവിക്കുന്നു എന്നത്രെ.

തകർന്നുപോയ മൂല്യങ്ങളുടെ സ്ഥാനത്ത് താൽപര്യമൂല്യങ്ങൾ എന്ന് വിളിക്കാവുന്ന പുതിയ ചില മൂല്യങ്ങൾ സ്ഥാപിതമായിരിക്കുന്നു. ഏതാനും നിമിഷങ്ങളോ മിനുട്ടുകളോ മാത്രം ഉപയോഗിച്ച ശേഷം കുപ്പത്തൊട്ടിയിൽ വലിച്ചെറിയുന്ന കടലാസ് തുണ്ടുകൾക്ക് സമാനമാണ് ആ മൂല്യങ്ങൾ. ഇക്കാരണത്താൽ ആധുനിക സമൂഹം ശിഥിലവും സർവതന്ത്രസ്വതന്ത്രവുമാണ്. എല്ലാ ചങ്ങാത്തങ്ങളും സ്വർഥതാൽപര്യങ്ങളാൽ ബന്ധിതമാണ്. ആരും ആർക്കും വലിയ അളവിൽ പരിഗണന നൽകുന്നില്ല. ഇതിനാലെല്ലാം ആധുനിക സമൂഹങ്ങൾക്ക് സംസ്കാരത്തെയും മൂല്യങ്ങളെയും സംബന്ധിച്ച് പുതിയ അവബോധം നൽകേണ്ടതുണ്ട്. എവിടെ അധിവാസമുറപ്പിച്ചാലും അവിടെയെല്ലാം മാനവിക ബന്ധങ്ങൾ കരുപ്പിടിക്കാവുന്ന തരത്തിലും, എവിടെയൊക്കെ യാത്ര




ചെയ്താലും തൊഴിലെടുത്താലും അവിടെയെല്ലാം നിർഭയത്വവും സ്ഥിരതയും ലഭ്യമാവുന്ന തരത്തിലും മാനവിക പരിഗണന യാഥാർഥ്യമാകാൻ ഇത് അത്യന്താപേക്ഷിതമാണ്.

അതേ സമയം സംസ്കാരവും മൂല്യങ്ങളും

സംബന്ധിച്ച പ്രതിസന്ധിയെക്കുറിച്ച് സവിശേഷം പഠിച്ചവർ നിർദ്ദേശിക്കുന്ന പരിഹാരം അപൂർണവും പ്രതിലോമപരവുമാണെന്നതാണ് വസ്തുത. തന്നെയുമല്ല, അത് പ്രശ്നത്തെ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി, പ്രസിദ്ധചിന്തകനായ Alvin Toffler ഒരു വർഷം ഒമ്പതുപതിപ്പുകളിലായി ഇരുപത്തിയേഴ് ദശലക്ഷം കോപ്പിയടിച്ച Future Shock ഉൾപ്പെടെയുള്ള തന്റെ കൃതികളിൽ ഇത്തരം ചില നിർദ്ദേശങ്ങളാണ് മുന്നോട്ട് വെക്കുന്നത്. ആധുനിക സാങ്കേതിക ശാസ്ത്രം ദേശീയ-അന്തർദേശീയ തലങ്ങളിലെ സാമൂഹിക ബന്ധങ്ങളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ പരിശോധിച്ച Toffler ഭാവിസമൂഹങ്ങൾക്ക് പുതിയ ബന്ധങ്ങൾ നിർണയിച്ചിരിക്കുന്നു. ഉദാഹരണമായി, ആധുനിക സാങ്കേതിക വിദ്യ ആധുനിക സമൂഹങ്ങളെ ഒട്ടകങ്ങൾക്ക് പകരം വിമാനങ്ങളിൽ യാത്ര ചെയ്യുന്നവരും ഇടത്താവളങ്ങൾക്കുപകരം വിമാനത്താവളങ്ങളിൽ ഇറങ്ങുന്നവരും, തമ്പുകൾക്കു പകരം ഹോട്ടലുകളിൽ ഉറങ്ങുന്നവരും, കീസുകൾക്കുപകരം സ്യൂട്ട്കെയ്സുകൾ കൊണ്ടുപോകുന്നവരും മറ്റുമായി മാറ്റിയിരിക്കുന്നു എന്ന് അദ്ദേഹം സൂക്ഷ്മാവലോകനം നടത്തിയിരിക്കുന്നു. ഇത് കൗതുക പൂർവം നമുക്ക് മനസ്സിലാക്കാമെങ്കിലും, മാനവത അനുഭവിക്കുന്ന വൻപ്രതിസന്ധികൾക്ക് അദ്ദേഹം നിർദ്ദേശിക്കുന്ന പരിഹാരം അത്യന്തം വിചത്രമാണെന്ന് പറയാതെവയ്യ. മൂല്യങ്ങളിലും സ്വഭാവചര്യകളിലുമെല്ലാം 'കേവലമായ ആപേക്ഷികത' നിർദ്ദേശിക്കുന്ന അദ്ദേഹം കുടുംബത്തെയും സാമൂഹിക ബന്ധങ്ങളെയും തകർക്കുന്ന വിലക്ഷണ കാഴ്ചപ്പാടുകൾ മുന്നോട്ട് വെക്കുന്നു.

ഉദാഹരണമായി, കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് പുറത്തിറക്കാൻ പാകത്തിൽ മാതാക്കളുടെ സ്ഥാപനങ്ങളുണ്ടാക്കുക, നിശ്ചിതകാലത്തേക്ക് മാത്രം നിലനിൽക്കുന്ന വിവാഹത്തിന് അംഗീകാരം നൽകുക, ഗർഭപാത്രം വാടകയ്ക്ക് ലഭ്യമാക്കുക, ബീജവിൽപന സാധ്യമാക്കുക, സ്വവർഗ ലൈംഗികതയും താൽക്കാലിക ലൈംഗിക ചങ്ങാത്തങ്ങളും അനുവദിക്കുക, ഇതിലൂടെയെല്ലാം ഇൽപാദനത്തിനും പ്രവർത്തനത്തിനുമുള്ള കർമശേഷികൾ വർധിപ്പിക്കുക മുതലായവയാണ് അദ്ദേഹത്തിന്റെ ചില നിർദ്ദേശങ്ങൾ Alvin Toffler നെ പോലെ പ്രശസ്തരായ തിയഡോർ റൊസാക്, ഡാനിയൽബെൽ, ഫ്രിറ്റ്സ് ഷൂമാക്കർ,ഡേവിഡ് ബർബൽ, റെനൈഡൊബൊ പോലുള്ളവരും നിലവിലെ പ്രതിസന്ധി മൂല്യങ്ങളിലും സംസ്കാരത്തിലുമാണെന്ന കാഴ്ചപ്പാടുള്ളവരാണ്. എന്നാൽ, പ്രശ്ന പരിഹാരത്തിന് പ്രായോഗിക പരിഹാരം എന്ത് എന്ന ചോദ്യത്തിന് എല്ലാ ലോകസംസ്കാരങ്ങളുടെയും നേരെ തുറന്ന നിലപാട് സ്വീകരിച്ചുകൊണ്ട് പുതിയ സാമൂഹിക ബന്ധങ്ങൾ കരുപ്പിടിപ്പിക്കണമെന്ന ആഹ്വാനമെ അവർക്ക് നൽകാനുള്ളൂ. മൂർത്തവും കൃത്യവുമായ നിർദ്ദേശങ്ങളൊന്നും നൽകാനില്ല.

മൂന്നാമതൊരുവിഭാഗം, സമൂഹങ്ങൾക്കകത്ത് നടക്കുന്ന ആഭ്യന്തര സംഘർഷങ്ങളെയും, വൈദേശിക യുദ്ധങ്ങളെയും, ബലവാന്മാർക്കാണ് അതിജീവന യോഗ്യത(സോഷ്യൽ ഡാർവിനിസം) എന്ന തിയറിയെ ആധാരമാക്കി ന്യായീകരിക്കുന്നു. ഇത് സംഘട്ടനത്തെയും വധത്തെയും വിധ്വംസക പ്രവർത്തനങ്ങളെയും ന്യായീകരിക്കുകയും, സൈനികമോ പ്രകൃതിപരമോ സാമ്പത്തികമോ ആയ പ്രതിസന്ധികൾക്ക് വിധേയരാകുന്നവരെ നാശഗർത്തത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.

ഭൂഖണ്ഡങ്ങൾ രാജ്യങ്ങളും, വർഗങ്ങൾ കുടുംബങ്ങളും, രാജ്യങ്ങൾ വീടുകളുമായി മാറിയ ആഗോള ഗ്രാമലോകസാഹചര്യത്തിൽ ആധുനിക മാനവികത ഇസ്‌ലാമികാദർശാശയങ്ങളിലേക്ക് മടങ്ങി അതിൽനിന്ന് തങ്ങളുടെ സ്വത്വത്തെയും വർഗത്തെയും സംസ്കാരത്തെയും കണ്ടെത്താനാണ് ശ്രമിക്കേണ്ടത്. ആൾവിൻട ഫ്ളർ വിശേഷിപ്പിച്ച നവ നാടോടികൾക്ക് എവിടെ യാത്ര ചെയ്യുമ്പോഴും താമസിക്കുമ്പോഴും കൂടെ കൊണ്ടു നടക്കാൻ തഖ്‌വയുടെ മൂല്യം കൂടിയെ തീരൂ. അത് അവർക്ക് സദാശക്തിപകർന്നു നൽകും. അത് അവർക്ക് കാവലായിരിക്കും.

നിങ്ങൾ എവിടെയായിരുന്നാലും അവൻ-അല്ലാഹു നിങ്ങൾക്കൊപ്പമുണ്ട്(ഹദീസ്) നാം അവന്റെ കണ്ഠ നാടിയേക്കാൾ അവനുമായി അടുത്തവനാകുന്നു (ഖാഫ്-16)

■